# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - യൂണിവേഴ്സിറ്റി കോളേജിലെ ഗണിതവിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ബാബു.എസ് ഫയൽ ചെയ്ത OA(EKM) 202/18 മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 25.06.2018 – ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ(സാധാ) നം.2071/2018/ഉ.വി.വ. തീയതി,തിരുവനന്തപുരം:15.11.2018**

പരാമർശം : -

1. സ.ഉ(പി) നം.392/2010/ഉ.വി.വ തീയതി 10.12.2010.
2. സ.ഉ(പി) നം.10/2017/ഉ.വി.വ തീയതി 19.03.2017.
3. സ.ഉ(പി) നം. 13/2018/ഉ.വി.വ തീയതി 18.05.2018.
4. ഡോ.ബാബു.എസ് ഫയൽ ചെയ്ത OA(EKM) 202/18 മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 25.06.2018 – ലെ വിധിന്യായം.
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 01.09.2018, 25.09.2018 എന്നീ തീയതികളിലെ ബി1/11039/2018/കോ.വി.വ നമ്പർ കത്തുകൾ.

## ഉത്തരവ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഗണിതവിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ബാബു.എസ് പ്രിൻസിപ്പൽ പ്രൊമോഷനുവേണ്ടി തയ്യാറാക്കപ്പെട്ട സെലക്ട് ലിസ്റ്റിനെയും അത് മുഖേന നൽകിയ സ്ഥാനക്കയറ്റങ്ങളെയും ചോദ്യം ചെയ്തുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM )-202/2018 മേൽ അപേക്ഷകന്റെ Annexure A 15 അപേക്ഷ പരിഗണിച്ച് ടിയാനെ നേരിൽ കേട്ട് വിധി തീർപ്പാക്കണമെന്നും ഇതോടൊപ്പം മറ്റുപരാതികളുണ്ടെങ്കിൽ അതും പരിഗണിക്കണമെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം ടിയാനെയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും 04.09.2018 - ൽ നേരിൽ കേൾക്കുകയുണ്ടായി .

1994 ലെ സ്പെഷ്യൽ റൂളും യു.ജി.സി 2010 റെഗുലേഷനും പാലിക്കാതെ 02.05.2018 -നു നടത്തിയിരിക്കുന്ന D.P.C യും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രിൻസിപ്പൽ നിയമനങ്ങളും റദ്ദ് ചെയ്യണമെന്നാണ് പരാതിക്കാരൻ തന്റെ Annexure A15 പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. കോടതി വിധി പ്രകാരം ഹിയിറിംഗ് വേളയിൽ ടിയാൻ സമർപ്പിച്ച മറ്റ് പരാതികളും പരിഗണിക്കുകയുണ്ടായി.പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം യു.ജി.സി മാനദണ്ഡങ്ങൾ സംസ്ഥാന കോളേജുകൾക്ക് ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എന്നിരുന്നാലും യു.ജി.സി യോഗ്യതയില്ലാതിരുന്ന സെലക്ഷൻ ഗ്രേഡ്

ലക്ചറർമാരെ പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നല്കിയിരുന്നു. തുടർന്ന് 23.02.2016 - ൽ ബഹു.കേരള ഹൈക്കോടതി ഫുൾബെഞ്ച് 18.09.2010 മുതൽ സംസ്ഥാനത്ത് യു.ജി.സി യോഗ്യത പാലിച്ചുകൊണ്ട് നിയമനങ്ങളും പ്രൊമോഷനും നല്കണമെന്ന് വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് കോളേജ് അദ്ധ്യാപകരുടെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ തടസ്സപ്പെട്ടു. 18.09.2010 - നു ശേഷം യു.ജി.സി യോഗ്യത ഇല്ലാതെ പ്രൊമോട്ട് ചെയ്യപ്പെട്ട പ്രിൻസിപ്പൽമാരെ തരംതാഴ്ത്താതിരിക്കാൻ 23.02.2016 മുതൽ യു.ജി.സി റെഗുലേഷൻ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. ഈ റിവ്യൂ പെറ്റീഷൻ കോടതി തള്ളിയതിനെ തുടർന്ന് സർക്കാർ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്തു. പ്രിൻസിപ്പൽമാരുടെ അഭാവത്തിൽ കോളേജുകളുടെ ഭരണപരമായ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് ഉത്തരവായി. ടി ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ് DPC കൂടി യോഗ്യതയുള്ള അദ്ധ്യാപകരെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നിയമനങ്ങൾ നല്കി വരുന്നത്. 17.7.2018 ലെ സുപ്രീം കോടതി വിധിയിൽ 23.2.2016 മുതലുള്ള നിയമനങ്ങൾ നിർബന്ധമായും യു.ജി.സി മാനദണ്ഡങ്ങൾക്കനുസൃതമായി നടത്തണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത തീയതിയ്ക്ക് ശേഷമുള്ള എല്ലാ നിയമനങ്ങളും പ്രസ്തുത നിബന്ധന പാലിച്ചുതന്നെയാണ് ഉത്തരവായിട്ടുള്ളത്. ആയതിനാൽ 02.05.2018 നു നടത്തിയിരിക്കുന്ന D.P.C യും അതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രിൻസിപ്പൽ നിയമനങ്ങളും റദ്ദ് ചെയ്യണമെന്നുമുള്ള പരാതിക്കാരന്റെ Annexure A15 പരാതി പരിഗണനാർഹമല്ല.

കോടതി വിധി പ്രകാരം ഹിയറിംഗ് വേളയിൽ ടിയാൻ സമർപ്പിച്ച മറ്റ് പരാതികളിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം 5 - ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു. ഡോ.എസ്.ബാബുവിനെ ലക്ചറർ നിയമനത്തിനായി ശുപാർശ ചെയ്തത് 07.10.1998 - ലാണ്. തുടർന്ന് 16.06.2001 - ലാണ് ടിയാൻ ലക്ചറർ ആയി സേവനത്തിൽ പ്രവേശിക്കുന്നത്. വകുപ്പിൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തി വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നുമാണ് പ്രിൻസിപ്പാൾമാരായി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നത്. ഡോ എസ്.ബാബുവിന് എയ്ഡഡ് കോളേജ് സർവ്വീസ് കണക്കാക്കി ടിയാൾക്ക് അസോസിയേറ്റ് പ്രൊഫസർ പ്ലെയ്സ്മെന്റാണ് നല്കിയിട്ടുള്ളത്. ടി പ്ലെയ്സ്മെന്റ് സ്ഥാനക്കയറ്റമായി പരിഗണിക്കാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഗ്രേഡിംഗ് സർവ്വീസ് സീനിയോറിറ്റിയെ ബാധിക്കുന്നില്ല. സ്ഥാനക്കയറ്റമല്ലാത്തതിനാൽ ഗ്രേഡിംഗിനെ അടിസ്ഥാനപ്പെടുത്തി ടിയാന്റെ സീനിയോറിറ്റി പുന:നിർണ്ണയിക്കാൻ സാധിക്കുകയില്ലെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗ്രേഡിംഗ് ഉദ്യോഗക്കയറ്റമല്ലാത്തതിനാൽ സർക്കാർ സർവ്വീസിൽ വന്ന തീയതി മുതലുള്ള സീനിയോറിറ്റി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഡോ.എസ്.ബാബുവിന് ശേഷം സർവ്വീസിൽ വന്ന ആരും തന്നെ ഇപ്രകാരം പ്രിൻസിപ്പാൾമാരായി സ്ഥാനക്കയറ്റം നല്കുകയോ ടിയാന്റെ സീനിയോറിറ്റി മറികടന്ന് ആരെയെങ്കിലും സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുകയോ ഉണ്ടായിട്ടില്ലെന്നും ഗ്രേഡിംഗ് ഉദ്യോഗക്കയറ്റമല്ലാത്തതിനാൽ വിവിധ ഗ്രേഡിംഗുകൾക്ക് ശേഷം സീനിയോറിറ്റി പുന:ക്രമീകരിക്കണമെന്നത് പ്രായോഗികമോ നിയമാനുസൃതമോ അല്ലെന്നും നിലവിലുള്ള സീനിയോറിറ്റി പട്ടികയും പ്രിൻസിപ്പാൾ തസ്തികയിലുള്ള ഒഴിവുകളും പരിഗണിച്ചാൽ ഡോ.എസ്.ബാബു പ്രിൻസിപ്പാൾ സ്ഥാനക്കയറ്റത്തിനായുള്ള അടുത്ത സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാൻ സാധ്യത ഉള്ള

ആളാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ള Annexure A 15 അപേക്ഷയിലെ ആവശ്യവും ടിയാന്റെ മറ്റ് പരാതികളും നിരസിച്ചുകൊണ്ട് ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം - 4 ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.കുശലകുമാരി**

ഗവ: അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ